കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചെറുകോൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-8/ 344/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/05/2022
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-8/ 344/2022

തീയ്യതി: 09/05/2022

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-03-2021 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പി.കെ.വിജയലക്ഷ്മി	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	16-03-2022	26-03-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-03-2022	26-03-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി വി.നായർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
വൽസമ്മ എബ്രഹാം	പ്രസിഡന്റ്	01-04-2020	11-11-2020
അഡ്ഹോക്ക് കമ്മിറ്റി	പ്രസിഡന്റ്	12-11-2020	27-01-2021
കെ.ആർ.സന്തോഷ്	പ്രസിഡന്റ്	28-01-2021	31-03-2021
അനിൽ വി.എൻ	സെക്രട്ടറി	01-04-2020	09-02-2021
റ്റി.എൻ.പുഷ്പകുമാരി	സെക്രട്ടറി-ഇൻ-ചാർജ്ജ്	10-02-2021	17-02-2021
ആർ.ശ്രീലേഖ	സെക്രട്ടറി	18-02-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ
പ്രമോദ് ചന്ദ്രൻ	കൃഷി ഓഫീസർ	01-04-2020
ജോർജ് തോമസ്	കൃഷി ഓഫീസർ	15-09-2020
ചന്ദ്രലേഖ	കൃഷി ഓഫീസർ(ചാർജ്)	27-02-2021
ഡോ.രാജേഷ് കോശി	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2020
ഡോ.സതീഷ്കുമാർ	മെഡിക്കൽ ഓഫീസർ(ആയുർവേദം))	01-04-2020
ഡോ.ബിജു മാത്യു	വെറ്ററിനറി സർജൻ	01-04-2020
ഷൈനി.വി.എം	ഹെഡ്മാസ്റ്റർ	01-04-2020
സൂസൻ ജേക്കബ്	അസി.എഞ്ചിനീയർ	01-04-2020
അനുമോൾ. ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020
പ്രസന്നകുമാരി .സി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020
ജോൺസൺ ഫിലിപ്പ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	01-04-2020
പ്രമീള. എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2	01-04-2020
ഉല്ലാസ് .എൻ	സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2020
സിന്ധു	സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	20-10-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികകണക്കിലെ അപാകങ്ങൾ	1-2
3	സാമ്പത്തികനില	1-3
4	ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ	1-4-1
5	ഗ്രാന്റ് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പെൻഷനുകൾ	1-7
9	ക്യാഷ് ബാലൻസ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-11
13	ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ	1-12
14	തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-13
15	ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം അപര്യാപ്തം	1-14
16	മരാമത്ത് പ്രവൃത്തികൾ -കരാർ ചമയ്ക്കുന്നതിൽ കാലതാമസം,ഫൈൻ ഈടാക്കിയിട്ടില്ല	1-15
17	ബാരൽ വില ഈടാക്കിയില്ല	1-16
18	വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-17
19	വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ- ഇ.എം.ഡി.തുക മുതൽ കൂട്ടേണ്ടതാണ്	1-18
20	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം -പദ്ധതികൾ നടപ്പാക്കിയില്ല	1-19

21	ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല	1-20
22	പൊതു ടാപ്പുകളുടെ വെള്ളക്കരം - പ്രതിവർഷ ബാദ്ധ്യത 7.45 ലക്ഷം	1-21
23	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം	1-22
24	മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാകാൻ അവശേഷിക്കുന്നു	1-23
25	അഗതിരഹിതകേരളം പദ്ധതി -അവലോകനം	1-24
26	ക്ഷീരകർഷകർക്ക് പരമാവധി ആനുകൂല്യം നൽകുന്നില്ല	1-25
27	തനത് ഫണ്ട് വൗച്ചറുകൾ – അപാകതകൾ	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9

10	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

16.03.2020 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് പ്രകാരം അംഗീകാരം നേടി. 110122243 രൂപ വരവും 107155420 രൂപ ചെലവും 2966823 രൂപ മിച്ചവും വരുന്ന ബജറ്റ് 18.03.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാനം പ്രകാരം അംഗീകരിച്ചു. 09.02.2021 ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാനവാരം ഉദ്യോഗസ്ഥരുടെ പക്കൽനിന്ന് (ഘടകസ്ഥാപനങ്ങളിലെ ഓഫീസ് തലവൻമാരിൽനിന്ന്) തന്നാണ്ടിലെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ പഞ്ചായത്ത് 2020-21 ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം - ബജറ്റ് അവലോകനം നടത്തുന്നില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവുചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവുചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപയിനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷികകണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമനം		ഇനം	ബജറ്റ് പ്രകാരമുള്ള പ്രതിക്ഷിത വരവ്	വാർഷികകണക്കുകൾ പ്രകാരമുള്ള വരവ്	വ്യത്യാസം
1		നികുതി വരവുകൾ	3500000	2401042	1098958
	എ	വസ്തുനികുതി	2500000	1822052	677948
	ബി	തൊഴിൽനികുതി	550000	578990	-28990
2	എ	നികുതീതരവരവുകൾ	2063875	2604430	-540555
	ബി	ലൈസൻസ്	100000	111670	-11670
	സി	സ്ഥിരനിക്ഷേപപലിശ	30000	101646	-71646
		പലിശ	75000	23648	51352
3		പൊതു ഉദ്ദേശ്യഗ്രാന്റ്	6243000	6408047	-165047
4		വികസനഫണ്ട്	57030000	16218391	40811609
5		സംരക്ഷണഗ്രാന്റ്	0	7940681	-7940681

6		എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	12490000	1970336	10519664
7		ഭരണച്ചെലവുകൾ	2080000	894971	1185029
8		ഓപ്പറേഷൻസ് & മെയിന്റനൻസ്	4935000	1292472	3642528
9		പ്ലാൻ - ഉത്പാദനമേഖല	2735500	2451406	284094
10		പ്ലാൻ - സേവനമേഖല	24428920	11250483	13178437
11		പ്ലാൻ - പശ്ചാത്തലമേഖല	3950000	3339849	610151
12		പ്ലാൻ - മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത്	0	53000	-53000
13		മെയിന്റനൻസ് പ്രോജക്ടുകൾ	0	9231343	-9231343

ബജറ്റ് പ്രകാരം സംരക്ഷണഗ്രാന്റിന് വരവില്ല. എന്നാൽ വാർഷികകണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാവർഷവും ലഭിക്കുന്ന സംരക്ഷണഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യമാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതുകൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 ൽ അനുശാസിക്കുന്ന രീതിയിൽ അപാകങ്ങളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവുചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷികകണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണോദ്യോഗസ്ഥരിൽനിന്നും വിവിധ സെക്ഷനുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യമാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷികകണക്കിലെ അപാകങ്ങൾ

ചെറുകോൽ ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തെ കണക്കുകൾ 27-4-2021-ൽ എയിംസിൽ സമർപ്പിച്ചിട്ടുണ്ട്.ആയത് പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സ്ഥിരനിക്ഷേപം സർട്ടിഫിക്കറ്റിലെ തുകയും വാർഷികകണക്കിൽ ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.വാർഷിക കണക്ക് പ്രകാരം വർഷാവസാന നീക്കിബാക്കി 1192692 ആണ്. എന്നാൽ സ്ഥിര നിക്ഷേപം സർട്ടിഫിക്കറ്റ് പ്രകാരം നീക്കിബാക്കി 1270571 ആണ്.

2.സർക്കാറിൽ നിന്നും റിഡംപ്ഷൻ ഇനത്തിൽ തുകയൊന്നും ലഭിക്കാനില്ലെങ്കിലും B-15 ഷെഡ്യൂളിൽ 199876/-രൂപ ലഭിക്കാനുണ്ടെന്ന് ചേർത്തിരിക്കുന്നു.

3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 418990 രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം 414940രൂപയാണ് വരവ്.

4.MGNREGS വരവ് ചെലവ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5.വായ്പാ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന തുകയും വാർഷിക കണക്കിൽചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽവായ്പ ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-3 സാമ്പത്തികനില

മുൻബാക്കി	6062667
വരവ്	42957371
ആകെ	49020038
ചെലവ്	37774489
നീക്കിബാക്കി	5182882

1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് സ്റേറ്റ്മെന്റിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

1. സി.എഫ്.സി.(ടൈഡ്) ഫണ്ടിൽ ആകെ ചെലവ് ചേർത്തിരിക്കുന്ന തുകയും പ്രൊജക്ടുകൾ പ്രകാരമുള്ള ആകെ ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.
2. ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ് (ജനറൽ, എസ്.സി.പി.) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയ്ക്ക് സ്രോതസ്സിൽനിന്ന് കുറവ് ചെയ്ത തുകകളുടെ വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ക്യൂ ബിൽ	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് (ജനറൽ)	0	9679605	9679605	9258589	ഇല്ല	421016	95.65
വികസനഫണ്ട് (SCP)	0	1984000	1984000	1587292	“	396708	80
വികസനഫണ്ട് (TSP)	0	126006	126006	126006	“	0	100
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	3050000	3050000	2443002	“	606998	80.1
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	4560798	4560798	3841443	“	719355	84.23
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	4484000	4484000	4326596	“	157404	96.48

മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	3456681	3456681	3337481		119200	96.55

1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
250	60220472	198	34410063	0	52	79.2

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം	16-11-2019
ഗ്രാമസഭകൾ	15.01.2020-02.02.2020
സ്റ്റാന്റിംഗ് കമ്മിറ്റി	14.02.2020
വികസന സെമിനാർ	23-3-2020
പഞ്ചായത്ത് കമ്മിറ്റി	24.02.2020

1.വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

2.സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

3. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	8	7	1732907	1024956
വെറ്ററിനറി സർജൻ	8	5	1433700	545280
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	5	3	1200800	1039054

മെഡിക്കൽ ഓഫീസർ-ആയുർവേദം	5	5	622500	617134
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	2	1152000	185040
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	13	12	14210300	7629706
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	12	12	8690762	2111405
ഐ.സി.ഡി.എസ് സൂപ്രവൈസർ	7	6	2243900	1889578
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	350000	350000
സെക്രട്ടറി	42	35	7285413	5053152
ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്	6	6	677350	595841
അസിസ്റ്റന്റ് എഞ്ചിനിയർ	133	97	19690840	12833852
അസി.സെക്രട്ടറി	7	6	930000	535065
ആകെ	250	198	60220472	34410063

വിഭാഗം

വിഭാഗം	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	ശതമാനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
പൊതുവിഭാഗം	234	186	79.49	49930549	31334092	62.76
പ്രത്യേക ഘടകപദ്ധതി	13	10	76.92	8834123	2737965	30.99
പട്ടികവർഗ്ഗ ഉപപദ്ധതി	3	2	66.67	1455800	338006	23.22
ആകെ	250	198	79.2	60220472	34410063	57.14

മേഖല

മേഖല	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	ശതമാനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
ഉല്പാദനം	26	20	76.92	5440007	2491656	45.8
സേവനം	114	81	71.05	39690867	20651697	52.03
പശ്ചാത്തലം	110	97	88.18	15089598	11266710	74.67
ആകെ	250	198	79.2	60220472	34410063	57.14

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കും, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.തൊഴിലാളികളുടെ കൂലി നേരിട്ട് ബാങ്ക് അക്കൌണ്ടിലേക്ക് നൽകുന്നത് ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.വാർഷിക കണക്ക്

പ്രകാരമുള്ള തുക ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
അഡ്മിനിസ്റ്റേറ്റീവ് ചെലവ്	2412	1633663	1636075	1641408	10157
തൊഴിലാളികളുടെ കൂലി		15631900	15631900	15631900	
ആകെ	2412	17265563	17267975	17257818	10157

1-7 ക്ഷേമ പെൻഷനുകൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	462800	32
വിധവാപെൻഷൻ	5380700	419
വാർദ്ധക്യകാലപെൻഷൻ	18313100	1518
വികലാംഗപെൻഷൻ	2238400	162
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	154300	12

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-03-2022 തീയതിയിൽ 02.45 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21499/- (ഇരുപത്തോരായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒൻപത്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ട പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22-11-21	2020-21	10-01-22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09-10-14	2009-10 To 2013-14	22-06-15

1-11 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ ഒരു മൊബൈൽടവറിന്റെ 2019 ഒന്നാം അർദ്ധവർഷം മുതലുള്ള നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

ടവറിന്റെ വിവരം	വാർഡ് നം./ കെട്ടിട നം.	പ്ലിന്ത് ഏരിയ (ച.മീ)	വാർഷിക വസ്തുനികുതി തുക (രൂ)	നികുതി അടവാക്കാനുള്ളതിന്റെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം)
ചെന്നൈ നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്	8/178/A	12.6	6300	2019മുതൽ അടവാക്കിയിട്ടില്ല

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/25.03.2022) ഈ മൊബൈൽ ടവറിന് അരിയർ ഡിമാന്റ് നോട്ടീസ് നല്കിയതായും ആർ ആർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നതിന് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. മിക്ക സ്ഥാപനങ്ങളും സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3. എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം 107 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ, അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം 107 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിരിക്കുന്നത്. 2019-20 വർഷത്തിൽ 104 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷം താഴെ പറയുന്ന 107 സ്ഥാപനങ്ങളിൽ നിന്നുമാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

വാർഡ് നം./പേര്	ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം (സഞ്ചയ പ്രകാരം)
1/കച്ചേരിപ്പടി	12	29
2/വാഴക്കുന്നം	30	79
3/കാട്ടൂർ	11	29
4/പുതമൺ	3	44
5/ചാക്കപ്പാലം	10	68
6/കീക്കൊഴൂർ	15	132
7/മഞ്ഞപ്രമല	6	28
8/ചരളേൽ	0	17
9/കുടിലുമുക്ക്	6	29
10/ അന്ത്യാളൻകാവ്	2	22
11/കാട്ടൂർപേട്ട	4	19

12/കൊറ്റനല്ലൂർ	2	18
13/ചണ്ണമാങ്കൽ	6	35

ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്കു കെട്ടിട നമ്പർ നൽകിയിട്ടുള്ള പല കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു ഉറപ്പാക്കുന്നില്ല. പഞ്ചായത്തിലെ 9 വാർഡുകളിൽ നിന്നും പത്തിൽ താഴെ മാത്രം സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 8-ാം വാർഡിൽ നിന്നും ഒരു സ്ഥാപനം പോലും ലൈസൻസ് എടുത്തിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഇവിടെ വാണിജ്യ ആവശ്യത്തിനായിട്ടുള്ള 17 കെട്ടിടങ്ങൾ ഉണ്ട്. ടി കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/25.03.2022) അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-13 തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്.

2020-21 വർഷത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ് ഓഫീസ്, കീക്കൊഴൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കീക്കൊഴൂർ എന്ന സ്ഥാപനത്തിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന2റേഷൻഡിപ്പോകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/23.03.2022) ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-14 ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം അപര്യാപ്തം

31-3-2021-ലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടായ ജില്ലാ സഹകരണബാങ്ക് അക്കൗണ്ടിൽ 2578106 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയത് പ്രത്യേക

ഉദ്ദേശ്യങ്ങൾക്കുവേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ചതിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 2157323 രൂപയും ഋണബാധ്യതാ ശീർഷകത്തിൽ പെട്ട (ഡെപ്പോസിറ്റ് തുകകൾ ഉൾപ്പെടെ) 304431 രൂപയും,വരും വർഷത്തിലേക്ക് മുൻകൂറായി ലഭിച്ച 77050 തുകയും കൂടി ഉൾപ്പെട്ടതാണ്. ഇവ കഴിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ തനത്ഫണ്ട് നീക്കിബാക്കി 39302 രൂപയാണെന്ന് കാണുന്നു. 31-3-2021ൽ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനമായ കെട്ടിട നികുതിയിനത്തിൽ 758528/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടി മാത്രം പ്രവർത്തിക്കണമെന്ന് നിയമം അനുശാസിക്കുമ്പോൾ കേവലം 107സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ദൈനംദിനചെലവുകൾ നാൾക്കുനാൾ ഉയർന്നുകൊണ്ടിരിക്കെ, പിരിഞ്ഞുകിട്ടാനുള്ള തനത്ഫണ്ട് വരവിനങ്ങൾ പിരിച്ചെടുക്കാൻ ഊർജിത ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്.

<u>1-15 മരാമത്ത് പ്രവൃത്തികൾ -കരാർ ചമയ്ക്കുന്നതിൽ കാലതാമസം,ഫൈൻ ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പദ്ധതികളിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല.മാത്രമല്ല പി.എ.സി.തുകയുടെ 1% പിഴയായി(മിനിമം 1000,പരമാവധി 25000) ഈടാക്കി കരാർ വയ്ക്കാൻ അനുവദിക്കപ്പെട്ട കാലയളവും സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകളിൽ ഇപ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല.

പ്രൊജക്ട്	കരാറുകാരൻ	കരാർ വച്ച തീയതി	പിഴകൂടാതെ കരാർ വയ്ക്കാവുന്ന കാലയളവ്	പിഴയോടു കൂടി കരാർ വയ്ക്കാവുന്ന കാലയളവ്	അടങ്കൽ	ഈടാക്കേണ്ടിയിരുന്ന ഫൈൻ
ചാക്കപ്പാലം അങ്കണവാടി റോഡ് കോൺക്രീറ്റ് (63/21)	ഗിവർഗീസ്	30-7-20	15-7-20	28-7-20	100000/-	1000/-
പാലച്ചുവട് താണുവേലിക്കടവ് റോഡ് സൈഡ്കെട്ട്(196/21)	ജോസി ജോൺ	18-8-20	15-7-20	28-7-20	156100	1561/-
പുളിക്കാട്ടിൽ കല്ലോടിക്കുഴി റോഡ് കോൺക്രീറ്റിംഗ്	ജോസി ജോൺ	21-8-20	15-7-20	28-7-20	285000	2850/-
തറഭാഗം മടുക്കക്കുന്ന് റോഡ്	സുരേഷ് കുമാർ	27-7-20	15-7-20	28-7-20	79000	1000/-

ITI-തട്ടയ്ക്കാട്ട് പാറ റോഡ് കോൺക്രീറ്റ്	സുരേഷ് കുമാർ	27-7-20	15-7-20	28-7-20	65000	1000/-
കാക്കനാട്ട് കൊന്നയ്ക്കൽ കോളനി റോഡ് കോൺക്രീറ്റ്	മോഹന ചന്ദ്രൻ	20-8-20	15-7-20	28-7-20	162000	1620/-
മത്തിലേത്ത്പടി ചുട്ടിപ്പാറ റോഡ് കോൺക്രീറ്റ്	മോഹന ചന്ദ്രൻ	20-8-20	15-7-20	28-7-20	123000	1230/-
ആകെ						10261

ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-16 ബാരൽ വില ഈടാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിലെ വിവിധ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്ഡ് ബിറ്റുമിൻ ഉൾപ്പെടുത്തിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും കരാറുകാരൻ ശ്രീ.എബ്രഹാം തോമസിന് ബിൽതുക നൽകിയപ്പോൾ ബാരൽ വില കുറച്ചിട്ടില്ല. പ്രൊജക്ടുകൾക്ക് വേണ്ടി ടാർ വാങ്ങിയ വിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ഇൻവോയ്സ് നം& തീയതി	വാങ്ങിയ ടാർ വിവരം
ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡ്	4207116773/11.3.20	5ഡ്രം 5x200=1000kg
ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്	31833G119007399/ 11-3-20	56ഡ്രം 56x161.8=9060.8kg
ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്	31833G120003599/ 11-11-20	1ഡ്രം 161.8kg

വിവിധ പ്രൊജക്ടുകൾക്ക് വേണ്ടി ടാർ ഉപയോഗിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട്	ഉപയോഗിച്ച ടാർ		ബിൽനം&തീയതി
	RS 1	VG 30	
പാലച്ചുവട് പന്തളം മുക്ക് അമയിൻ ഭാഗം റോഡ് ടാറിംഗ്(146/21)	148.55 1 ബാരൽ	1599.126kg 10ബാരൽ	35/20-21,9-9-20 214935
പുള്ളിക്കാട്ടിൽ ചമതയ്ക്കൽ റോഡ് റീടാറിംഗ്(148/21)	289.059 1ബാരൽ(മറ്റ് പ്രൊജക്ടുകളിൽ അവശേഷിച്ച ടാറും ഉപയോഗിച്ചു.)	2495.381kg 16ബാരൽ	36/20-21,17-9-20 335338

വഞ്ചിത്രപ്പടി എസ്.സി.കോളനി റോഡ് റീടാറിംഗ് (166/21)	171.455kg 1ബാരൽ	1838.557kg 12ബാരൽ	33/20-21,9-9-20 246760/-
പാറ്റൂർപടി ആലുങ്കൽപടി റോഡ്(150/21)	118.80kg 1ബാരൽ	1085.774kg 7 ബാരൽ	10/20-21, 17-4-20 149166
പറങ്കിമാന്തടം സ്ലീബാപള്ളി റോഡ് റീടാറിംഗ് (144/21)	218.029kg 1ബാരൽ(മറ്റ് പ്രൊജക്ടുകളിൽ അവശേഷിച്ച ടാറും ഉപയോഗിച്ചു.)	2157.778kg 12ബാരൽ (മറ്റ് പ്രൊജക്ടുകളിൽ അവശേഷിച്ച ടാറും ഉപയോഗിച്ചു.)	37/20-21,16-9-20, 252068 110/20-21, 30-3-21 56753

ആകെ 62 ബാരലുകൾക്ക് 238/ബാരൽ നിരക്കിൽ ബാരൽവിലയും, 18% നികുതിയും അടക്കം 17412(14756+2656) ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമായില്ല. തുക ഈടാക്കി വിവരം ഹാജരാക്കേണ്ടതാണ്.

1-17 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി,കുടുംബശ്രീ ജില്ലാമിഷൻ എന്നിവയിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ബിൽ നം/തിയതി	**തുക**	കൈപ്പറ്റിയ സ്ഥാപനം
1	231/21	അമ്പാട്ടുപടി മിച്ചഭൂമി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	36/20-21, 1-12-20	38000	ജല അതോറിറ്റി
2	232/21	മലയിരേത്ത് ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	35/20-21, 1-12-20	38000	‘’
3	257/21	1 മുതൽ 13വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	55/20-21, 1-12-20	773900	‘’
4	21/21	കൊച്ചേത്ത്പടി കുരിശംമൂട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	3നിർമ്മാണനിർമ്മാണ8/20-21, 1-12-20	167000	‘’
5	25/11	തോട്ടത്തിൽപടി തടത്തേൽ ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	31/20-21, 1-12-20	1138100	‘’
6	30/21	വാലുകാലായിൽപടി ഈറപ്ലാക്കൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	32/20-21, 1-12-20നിർമ്മാണ	170000	‘’
7	47/21	നെഹ്റുസ്മാരക റോഡ് തൈപ്പറമ്പിൽപടി പൈപ്പ്	37/20-21, 7-12-21	84000	‘’

		ലൈൻ എക്സ്റ്റൻഷൻ			
8	31/21	വഞ്ചിത്രപ്പടി പാലയ്ക്കൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	30/20-21, 1-12-20	70000	‘’
9	122/21	ഉളക്കപ്പടിമാങ്കൽ ശ്രീരാമവിലാസം കോളനി ലൈൻ എക്സ്റ്റൻഷൻ	33/20-21, 1-12-20	68000	‘’
10	230/21	പാത്രർപറമ്പിൽ ആലുങ്കൽപടി അരീക്കൽഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	44/20-21, 30-1-21,38100 54/20-21, 27-3-21,56200	94300	‘’
11	233/21	കിളിയാനിക്കൽ തുളികുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	36/20-21, 1-12-20	38000	‘’
12	103/21	അയ്യംകുഴിയിൽ ഭാഗം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	21/20-21, 7-9-20	29736	വൈദ്യുതി ബോർഡ്
13	123/21	ആട്ടപാറപ്പടികത്തോലിക്കാപ്പള്ളി പറങ്കിമാന്തടം സ്ലീബാപ്പള്ളി ലൈൻ എക്സ്റ്റൻഷൻ	22/20-21, 7-9-20	49848	‘’
14	167/20-21	നെഹ്റു സ്മാരകറോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	3/20-21, 12-5-20	65689	‘’
15	88/21	എ.ബി.സി.പ്രോഗ്രാം	60/20-21	109200	ജില്ലാമിഷൻ

പ്രോജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള വിവരവും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>1-18 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ- ഇ.എം.ഡി.തുക മുതൽ കൂട്ടേണ്ടതാണ്</u>

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കസേരവാങ്ങൽ പദ്ധതി(96/21) നടപ്പാക്കിയതിനുവേണ്ടി 117000/-രൂപ (ബിൽ നം.56/20-21,27-3-21) SRT&Company പാലക്കാട് എന്നസ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ടിനുവേണ്ടി ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു സ്ഥാപനം മാത്രം പങ്കെടുത്തതിനാൽ പുനർ ദർഘാസ് പരസ്യം നൽകുകയും ലഭ്യമായ നാല് ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ എം.ആർ ഇൻഡസ്ട്രീസിൽ നിന്നും നീൽകമൽ കസേര 429/- നിരക്കിൽ വാങ്ങാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്തു.എന്നാൽ നിശ്ചിത സമയസമയപരിധിക്ക് ശേഷവും സ്ഥാപനം കരാറിലേർപെടാതിരുന്നതിനാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി നേരിൽ ബന്ധപ്പെട്ടപ്പോൾ ടെണ്ടർ സമയത്തുണ്ടായിരുന്നതിലും വില കസേരക്ക് ഉയർന്നതിനാൽ ടെണ്ടറിൽ രേഖപ്പെടുത്തിയനിരക്കിൽ കസേര നൽകാൻ സാധ്യമല്ലെന്ന് അറിയിച്ചതിനാൽ GEM മുഖേന കസേര വാങ്ങാൻ 8-1-2021 ലെ 3/1 തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും നികുതിയുൾപ്പെടെ 585/- രൂപ നിരക്കിൽ SRT&Company പാലക്കാട് എന്നസ്ഥാപനത്തിൽ നിന്നും200 കസേര വാങ്ങുകയും ചെയ്തു. എം.ആർ ഇൻഡസ്ട്രീസ് കസേര വിതരണം ചെയ്യാൻ സാധ്യമല്ലെന്ന് അറിയിച്ചപ്പോൾ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ റോയൽ എന്റർപ്രൈസസ് (448)എന്ന സ്ഥാപനത്തിൽ നിന്നും കസേര വാങ്ങാൻ ശ്രമം നടത്തിയതായി കാണുന്നില്ല. എം.ആർ ഇൻഡസ്ട്രീസ് എന്നസ്ഥാപനം ഒടുക്കിയ ഇ.എം.ഡി തുക പഞ്ചായത്ത്

അക്കൌണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.ടെണ്ടർ നടപടികൾ പഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം -പദ്ധതികൾ നടപ്പാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്ട് നം	പദ്ധതിയുടെ പേര്/ വാർഡ് നം	ഫണ്ടിനം	അടങ്കൽ	ചെലവ്
1	SO 209/20	അങ്കണവാടി നം. 11, കെട്ടിടം അറ്റകുറ്റപ്പണി, വാർഡ് നം.2	മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)	100000	0
2	SO 255/20	അങ്കണവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം, വാർഡ് നം. 11	വികസനഫണ്ട് (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്), കേന്ദ്രാവിഷ്കൃത ഫണ്ട്	100000	0

അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-20 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, (200000) ബ്ലോക്ക് വിഹിതം, (100000) ജില്ലാപഞ്ചായത്ത് വിഹിതം (200000) എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S0016/21) 500000 രൂപ വകയിരുത്തി 499995 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 11 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 17 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 25435രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 8000 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28500 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ പരമാവധി തുക നൽകുന്നതിനാവശ്യമായ തുക വകയിരുത്തിയില്ല. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-21 പൊതു ടാപ്പുകളുടെ വെള്ളക്കരം - പ്രതിവർഷ ബാദ്ധ്യത 7.45 ലക്ഷം

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 14, 25-03-22) ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതുടാപ്പുകളുടെ എണ്ണം 142 ആണ്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിട്ടിയുമായി സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ തുക അടക്കുന്നതെന്ന് ഉറപ്പാക്കാനാകുന്നില്ല. അവസാനമായി സംയുക്ത പരിശോധന നടത്തിയത് ഏത് തീയതിയിലാണെന്ന് വ്യക്തമല്ല. സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്തയിടങ്ങളിൽ ടാപ്പുകൾ ഒഴിവാക്കുകയും പ്രവർത്തന ക്ഷമമായവയുടെ കൃത്യമായ എണ്ണം കണക്കാക്കുകയും ചെയ്താൽ അധികച്ചെലവ് ഒഴിവാക്കുന്നതിനും മറ്റ് അനിവാര്യ ചുമതലകൾക്ക് ടി തുക ചെലവഴിക്കുന്നതിനും കഴിയും.

പുതിയതായി ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതുവഴി വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സബ്സിഡി മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും സമീപ വർഷങ്ങളിലൊന്നും തന്നെ ഇത്തരത്തിലുള്ള പ്രോജക്ട് പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടികളുടെ എണ്ണം	15
സ്വന്തമായി കെട്ടിടമുള്ളവ	8
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	5
ടോയിലറ്റ് സൗകര്യം ഉള്ളവ	14
ബേബി ഫ്രണ്ട്ലി ടോയിലറ്റ് സൗകര്യം ഉള്ളവ	2
ചുറ്റുമതിൽ ഉള്ളവ	8

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭാ.വ, തീയതി.16.11.2013- അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

1-23 മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക

ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	കെ.എം.എസ്.സി.എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ- തീയതി	ലഭ്യമായ മരുന്ന് (രൂപ)	ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ)
08/21 പാലിയേറ്റീവ് പരിചരണം	121190/- 07/20-21-30.03.2021	ഇല്ല	121190
	23520/- 08/20-21-30.03.2021	4218	19302
09/21ഗവ.പി എച്ച് സിയ്ക്ക് മരുന്നുവാങ്ങൽ	300000/-04/20-21-05.02.2021	199385	100615
259/21 ചാക്കപ്പാലം പി എച്ച് സിയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ	16199/-06/20-21-30.03.21	14169	2030

അവശേഷിക്കുന്ന മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 അഗതിരഹിതകേരളം പദ്ധതി -അവലോകനം

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴവൻ അഗതികുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃതപദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ചെറുകോൽ ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയ്ക്ക് 17.01.2019 ലെ കെ.എസ്/ എൽ/13100/2018 നമ്പരായി അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിൽ 108 അഗതികുടുംബങ്ങളാണുള്ളത്.

7916150 രൂപ അടങ്കലുള്ള പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ചലഞ്ച് ഫണ്ട്	3090150
പദ്ധതി വിഹിതം	4826000
ആകെ	**7916150**

അഗതിരഹിതകേരളം പദ്ധതിയിൽ താഴെപ്പറയുന്ന സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സേവനങ്ങൾ	ഗുണഭോക്താക്കളുടെ എണ്ണം
ഭക്ഷണം	108
ചികിത്സ	109
വിദ്യാഭ്യാസം	26
വീട്	10
കുടിവെള്ളം	7
കക്കൂസ്	10

ഭവനപുനരുദ്ധാരണം	9

2020-21 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	1392994.95	ഭക്ഷണ വിതരണം	610897
പ്ലാൻ ഫണ്ട്	250000	ബാങ്ക് ചാർജ്	132.11
ബാങ്ക് പലിശ	41264	നീക്കിയിരുപ്പ്	1073229.84
ആകെ	**1684258.95**	**ആകെ**	**1684258.95**

2020-21 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതം 100000 രൂപ, ബ്ലോക്ക്പഞ്ചായത്ത് വിഹിതം 50000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 100000 എന്നിങ്ങനെ 250000രൂപ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളിൽ 610897 രൂപയുടെ ഭക്ഷണകിറ്റ് വിതരണം മാത്രമാണ് തൻവർഷം നടന്നിട്ടുള്ളത്. 31.03.2021 ൽ 1684258.95രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-25 ക്ഷീരകർഷകർക്ക് പരമാവധി ആനുകൂല്യം നൽകുന്നില്ല

ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷത്തിൽ പാലിന് സബ്സിഡി(SOO23/21), കാലിത്തീറ്റ വിതരണം(SOO24/21) എന്നിങ്ങനെ രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. മതിയായ ഫണ്ട് വകയിരുത്താഞ്ഞതിനാൽ ഈ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പാലിന് സബ്സിഡി പദ്ധതിക്കായി 150000 രൂപ വികസന ഫണ്ട് മാത്രമാണ് വകയിരുത്തിയത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.018) പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് (ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) 4 രൂപ തോതിൽ കണക്കാക്കി ഒരു കർഷകന് ഒരു വർഷത്തിൽ പരമാവധി 40000/- രൂപ നൽകാവുന്നതാണ്. എന്നാൽ ചെറുകോൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2020ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെ മാത്രമാണ് ആനുകൂല്യം നൽകിയത്. മതിയായ ഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിക്കാത്തതുമൂലം 2020 സെപ്റ്റംബർ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല.

കാലിത്തീറ്റ വിതരണം പദ്ധതിക്കായി 200000 രൂപ വികസന ഫണ്ട് മാത്രമാണ് വകയിരുത്തിയത്. ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന തീറ്റയ്ക്ക് ഒരു മാസം 50% സബ്സിഡി നിരക്കിൽ പരമാവധി 10000 രൂപ ഒരു വർഷം നൽകാവുന്നതാണ്. എന്നാൽ ചെറുകോൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2020 ജൂലൈ മാസം വരെ മാത്രമാണ് ആനുകൂല്യം നൽകിയത്. മതിയായ ഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിക്കാത്തതുമൂലം 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ആനുകല്യം നൽകാൻ സാധിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച പദ്ധതികൾ സംയുക്ത പദ്ധതികളായി ആവിഷ്കരിക്കുന്നതിനും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വിഹിതം ലഭ്യമാക്കി ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിന് ഉതകുംവിധം പദ്ധതി നടപ്പാക്കുന്നതിനും വരുംവർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-26 തനത് ഫണ്ട് വൗച്ചറുകൾ – അപാകതകൾ

തനതുഫണ്ട് ഉപയോഗിച്ചുള്ള ചെലവ് - ബില്ലുകളിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കുന്നില്ല.

ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ബിൽ നം/തീയതി	തുക	ഇനം
1	2200257/03-08-20	198369	പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം
2	2200258/03-08-20	24058	റ്റി.എ യുടെ ശമ്പളം
3	2200259 To 2200266/ 03-08-20	78100	മെമ്പർമാരുടെ ഹോണറേറിയവും സിറ്റിംഗ് ഫീസും
4	2200267/03-08-20	10320	എം എൻ ആർ ഇ ജി എസ് ഓവർസിയറുടെ ഹോണറേറിയവും റ്റി .എ യും
5	2200268/03-08-20	19795	എം എൻ ആർ ഇ ജി എസ് അക്കൌണ്ടന്റിന്റെ ഹോണറേറിയവും റ്റി .എ യും
6	2200570/03-08-20	1500	സെക്രട്ടറിയുടെ ഇൻകം ടാക്സ്
	2200571/03-08-20	2200	സ്റ്റേഷനറി വാങ്ങൽ
7	2200572/03-08-20	3240	ജി.എച്ച്.ഡി.പി.റ്റി.എസിന്റെ വേതനം
8	2200589/03-08-20	5250	ടോണർ റീഫിൽ ചാർജ്ജ്
9	2200595/03-08-20	14429	സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിസിറ്റി ചാർജ്
10	2200615/03-08-20	190	സി.യു.ജി ബിൽ, പ്രസിഡന്റ്
11	2200616/03-08-20	176	സി.യു.ജി ബിൽ, വൈസ് പ്രസിഡന്റ്

വൗച്ചറുകളോടൊപ്പം സൂക്ഷിക്കുന്ന ബില്ലുകളിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	200000	പാലിയേറ്റീവ് പരിചരണം (എസ്. 0008/21)	200000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	1100000	ലൈഫ് മിഷൻ പദ്ധതി (ജനറൽ) (എസ്. 0131/21)	1100000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	107500	ലൈഫ് മിഷൻ പദ്ധതി (ടി എസ് പി)(SO) (എസ്. 0189/21)	107500
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	500000	ലൈഫ് മിഷൻ പദ്ധതി ഫേസ് 3 (ജനറൽ) (SO) (എസ്. 0190/21)	500000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	100000	അങ്കണവാടി പോഷകാഹാരം (എസ്. 0015/21)	100000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	100000	ഭിന്നശേഷിയുള്ളവർക്ക് പഠന സ്കോളർഷിപ്പ് (എസ്.0016/21)	100000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	347000	ലൈഫ് മിഷൻ പദ്ധതി (എസ് സി പി) (എസ്. 0132/21)	347000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	49050	ടേക്ക് എ ബ്രേക്ക് പുതിയ ശൗചാലയം, വഴിയോരവിശ്രമകേന്ദ്രം നിർമ്മാണം(എസ്.0243/21)	49050
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	50000	അഗതി ആശ്രയ പുനരധിവാസ പദ്ധതി(എസ്.0013)	50000
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്	18050	വിശപ്പുരഹിത കേരളം- കുടുംബശ്രീ ഭക്ഷണശാല(എസ്.0099/21)	18050

ജില്ലാ പഞ്ചായത്ത്	296970	പാലിയേറ്റീവ് പരിചരണം (എസ്. 0008/21)	296970
ജില്ലാ പഞ്ചായത്ത്	1680000	ലൈഫ് മിഷൻ പദ്ധതി (ജനറൽ) (എസ്. 0131/21)	1680000
ജില്ലാ പഞ്ചായത്ത്	21566	ലൈഫ് മിഷൻ പദ്ധതി (ജനറൽ)(SO) (എസ്. 0188/21)	21566
ജില്ലാ പഞ്ചായത്ത്	90500	ലൈഫ് മിഷൻ പദ്ധതി (ടി എസ് പി)(SO) (എസ്. 0189/21)	90500
ജില്ലാ പഞ്ചായത്ത്	700000	ലൈഫ് മിഷൻ പദ്ധതി ഫേസ് 3 (ജനറൽ) (SO) (എസ്. 0190/21)	700000
ജില്ലാ പഞ്ചായത്ത്	199995	ഭിന്നശേഷിയുള്ളവർക്ക് പഠന സ്കോളർഷിപ്പ് (എസ്.0016/21)	199995
ജില്ലാ പഞ്ചായത്ത്	676273	ലൈഫ് മിഷൻ പദ്ധതി (എസ് സി പി)(SO) (എസ്. 0193/21)	676273
ജില്ലാ പഞ്ചായത്ത്	200000	ടേക്ക് എ ബ്രേക്ക് പുതിയ ശൗചാലയം, വഴിയോരവിശ്രമകേന്ദ്രം നിർമ്മാണം(എസ്.0243/21)	200000
ജില്ലാ പഞ്ചായത്ത്	100000	അഗതി ആശ്രയ പുനരധിവാസ പദ്ധതി(എസ്.0013)	100000
ജില്ലാ പഞ്ചായത്ത്	8402	വിശപ്പുരഹിത കേരളം- കുടുംബശ്രീ ഭക്ഷണശാല (എസ്.0099/21)	8402

4-2 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഏജൻസി	പ്രോജക്റ്റ് നം., പേര്	ബിൽ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1	വാട്ടർ അതോറിറ്റി	21/21,കൊച്ചേത്ത്പടി കുരിശംമൂട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	38/20-21,1-12-20	167000	0	167000
2	വാട്ടർ അതോറിറ്റി	25/11,തോട്ടങ്കൽപടി തടത്തേൽ ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	31/20-21,1-12-20	1138100	0	1138100
3	വാട്ടർ അതോറിറ്റി	30/21,വാലുകാലായിൽപടി ഈറപ്ലാക്കൽപടി പൈപ്പ്	32/20-21,1-12-20	170000	0	170000

		ലൈൻ എക്സ്റ്റൻഷൻ				
4	വാട്ടർ അതോറിറ്റി	31/21,വഞ്ചിത്രപടി പാലയ്ക്കൽ പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	30/20-21 1.12.20	70000	0	70000
5	വാട്ടർ അതോറിറ്റി	47/21,നെഹ്രുസ്മാരക റോഡ് തൈപ്പറമ്പിൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	37/20-21,7-12-21	84000	0	84000
6	ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ ,എ ബി സി പ്രോഗ്രാം	88/21,എ ബി സി പ്രോഗ്രാം തുക വകയിരുത്തൽ	60/20-21,30.3.21	109200	0	109200
7	കെഎസ്ഇബി	103/21,അയ്യംകുഴിയിൽ ഭാഗം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	21/20-21,7-9-20	29736	0	29736
8	വാട്ടർ അതോറിറ്റി	122/21,ഉളക്കപ്പടിമാങ്കൽ ശ്രീരാമവിലാസം കോളനി പൈപ്പ് ലൈൻ മെയ്ന്റനൻസ്	33/20-21,1-12-20	68000	0	68000
9	കെഎസ്ഇബി	123/21,ആടുപാറപ്പടി കത്തോലിക്കാപ്പള്ളി പറങ്കിമാന്തടം സ്ലീബാപ്പള്ളിപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	22/20-21,7-9-20	49848	0	49848

10	കെഎസ്ഇബി	167/21,നെഹ്രുസ്മാരക റോഡ് സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ	03/20-21, 12.05.2020	65689	0	65689
11	വാട്ടർ അതോറിറ്റി	230/21,പാറ്റുർപറമ്പിൽ ആലുങ്കൽപടി അരീക്കൽ ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	44/20-21 30.01.21-38100 54/20-21, 27.03.21-56200	94300	0	94300
12	വാട്ടർ അതോറിറ്റി	231/21,അമ്പാട്ടുപടി മിച്ചഭൂമി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	36/20-21,1-12-20	38000	0	38000
13	വാട്ടർ അതോറിറ്റി	232/21,മലയിരേത്ത് ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	35/20-21,1-12-20	38000	0	38000
14	വാട്ടർ അതോറിറ്റി	233/21,കിളിയാനിയ്ക്കൽ തുളികുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	36/20-21,1.12.2020	38000	0	38000
15	വാട്ടർ അതോറിറ്റി	257/21,1 മുതൽ 13വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	55/20-21,1-12-20	773900	0	773900

<u>4-3 മൊബിലൈസേഷൻ അഡ്വാൻസ്</u>

ഇല്ല

4-4 വായ്പ / വായ്പാ തിരിച്ചടവ്

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന വായ്പാ രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	618794	1367876	777287	-	1209383

4-5 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1270571
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	101646
ആകെ	1372217
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1372217

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച / പുതുക്കിയ തീയതി	കാലയളവ്	തുക
1	പത്തനംതിട്ട ജില്ലാ സഹകരണബാങ്ക്, കോഴഞ്ചേരി	30.06.2020	12 മാസം	1372217
ആകെ				1372217

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2007-08	3-8	2010-11 5.12.14	6.65ലക്ഷം ചെലവഴിച്ചിട്ടും ബയോഗ്യാസ് പ്ളാന്റ് നിർമ്മാണം അനിശ്ചിതാവസ്ഥയിൽ	പത്തനംതിട്ടജില്ലാ കളക്ടർ, അഡീഷണൽജില്ലാ മജിസ്ട്രേറ്റ്,ഗ്രാമപഞ്ചായത്ത്സെക്രട്ടറി എന്നിവരെ എതിർകക്ഷിയാക്കി ബയോടെക് എന്ന സ്ഥാപനം WP(C)7537/14 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. 28.08.14 ൽ ഉണ്ടായ ഇടക്കാല ഉത്തരവ് പ്രകാരം ബയോടെക്കിനു ചെലവായ 120944 രൂപ കിഴിച്ച് 745000രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതും പിന്നീട് കൺസോളിഡേറ്റഡ്ഫണ്ടിലേക്ക് 21.07.15 ലെ A49 ചെലാൻ പ്രകാരം ഒടുക്കിയിട്ടുള്ളതുമാണ്. ഈ കേസ് 11.11.19 ൽ അന്തിമ വിധിയായിട്ടുള്ളതും ഇതു പ്രകാരം തുക ഒടുക്കുന്നതിന് C4 -3371/19 നമ്പരായി 4.12.19 ൽ ബയോടെക്കിനു കത്ത് നൽകിയിട്ടുള്ളതുമാണ്. 16.01.2020-ൽ 30820 രൂപ ബയോടെക് ഒടുക്കിയിട്ടുണ്ട്.
2003-04	3-5	2004-05 3.18.2	ഡെപ്പോസിറ്റ് വർക്കുകൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല	വൈദ്യുതി ബോർഡിൽ നിന്നും 203800 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.
		2004-05 1.2	നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല.കടിശ്ശിക10.5 കോടി	സർക്കാരിനുംമറ്റ് സ്ഥാപനങ്ങൾക്കും നൽകേണ്ട തുകകൾ യഥാസമയം ഒടുക്കി വരുന്നു.
		2004-05 2.2	നിക്ഷേപപദ്ധതികൾ പൂർത്തീകരിച്ചില്ല.19 കോടി വിവിധ സ്ഥാപനങ്ങളിൽ	KWA,KSEB എന്നിവിടങ്ങളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
		2011-12 2.3	നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച	വസ്തുനികുതി,തൊഴിൽ നികുതി എന്നിവ 100% പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

		2016-17 1.2.1	വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തത്	വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ)ചാർജ്ജ് നടപടി വഴിഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	49020038
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	37774489
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)	17412
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
1-16		14576	സൂസൻ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
		ഇല്ല

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	തുക
1-16	2656

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സൂസൻ ജേക്കബ് അസി.എഞ്ചിനീയർ	--	സൺഷൈൻ പുഷ്പഗിരിയിൽ വടക്കടത്തുകാവ്പി.ഒ അടൂർ

4-10 ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97 വരവ്	എൽ.എഫ്.പി.റ്റി.എ/പി11/352/078, തീയതി 29.04.08/ 26.11.09	എല്ലാ ഖണ്ഡികകളും
1996-97 ചെലവ്	എൽ.എഫ്.പി.റ്റി.എ/പി3/9/98,തീയതി 9.10.00/27.02.01	2
1997-98ജനകീയാസൂത്രണം	എൽ.എഫ്.പി.റ്റി.എ/പി3/316/99,തീയതി 10.01.00	5
1997-98 ചെലവ്	എൽ.എഫ്.പി.റ്റി.എ/പി3/473/98, തീയതി 04.02.99/ 03.03.99	3
1998-99 വരവ്	എൽ.എഫ്.പി.റ്റി.എ/പി11/354/08, തീയതി 29.04.09/ 03.06.09	3
1998-99 ചെലവ്	എൽ.എഫ്.പി.റ്റി.എ/പി3/778/99,തീയതി 09.03.00	എല്ലാ ഖണ്ഡികകളും
1999-00 വരവ്	എൽ.എഫ്.പി.റ്റി.എ/പി11/460/0, തീയതി 16.03.10	1
1999-00 ചെലവ്	എൽഎഫ്.പി.റ്റി.എ/പി11/460/09തീയതി 16.03.10	എല്ലാ ഖണ്ഡികകളും
2000-01 ചെലവ്	എൽ.എഫ്.പി.റ്റി.എ/പി3/353/02,തീയതി 13.11.02	17
2001-02 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ.പി.3/325/04,തീയതി 20.03.2005	6
2001-02 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി.3/452/0,തീയതി 14.08.2005	
2001-02 (വരവ്)	എൽ.എഫ്.പി.റ്റി.എ.പി.11/717/09,തീയതി 20.03.10	6
2002-03 (വരവ്)	എൽ.എഫ്.പി.റ്റി.എ.പി.3/453/0,തീയതി 27.08.06	7
2002-03 (ഫൈനൽ)	എൽ.എഫ്.പി.റ്റി.എ.പി.11/718/09,തീയതി 20.03.10	
2003-04	എൽ.എഫ്.പി.റ്റി.എ.പി.11/250/08,തീയതി 31.12.08	4
2004-05	എൽ.എഫ്.പി.റ്റി.എ.പി.11/635/09,തീയതി 27.02.2010	7

2005-06	എൽ.എഫ്.പി.റ്റി.എ.പി.11/636/09,തീയതി 27.02.10	1
2006-07	എൽ.എഫ്.പി.റ്റി.എ.പി.11/701/09,തീയതി 03.05.10	7
2007-08	എൽ.എഫ്.പി.റ്റി.എ.പി.11/750/09/11,തീയതി12.04.10	42
2008-09 മുതൽ 2010-11വരെ	എൽ.എഫ്.പി.റ്റി.എ.പി11/348/13,തീയതി 06.09.2013./12.11.2013	1
2011-12	എൽ.എഫ്.പി.റ്റി.എ.പി.11/495/15,തീയതി 28.05.2014	
2012-13	എൽ.എഫ്.പി.റ്റി.എ.പി.5/95/15 തീയതി,09.02.2015	1
2013-14 & 2014-15	എൽ.എഫ്.പി.റ്റി.എ.പി.5/1115/15 തീയതി,19.12.2015	1
2014-15	കെ.എസ്.എ.പി.റ്റി.എ.പി5/609/2016,തീയതി 03.06.2016	19
2015-16	കെ.എസ്.എ.പി.റ്റി.എ.പി5/1257/2016,തീയതി 07.11.16	2
2016-17	കെ.എസ്.എ.പി.റ്റി.എ.പി8/1140/2017,തീയതി 06.10.17	17
2017-18	കെ.എസ്.എ.പി.റ്റി.എ.പി8/1530/2018,തീയതി 15.12.18	11
2018-19	കെ.എസ്.എ.പി.റ്റി.എ.പി8/01/2020, തീയതി 04.01.20	7
2019-20	കെ.എസ്.എ.പി.റ്റി.എ.പി8/253/21, തീയതി	7

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്